LIBRARY ARCHIVES Kerala Legislative Assembly

വളം.

*൪൬. (൬൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിന ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

എത്ര ടൺ വളം ചിങ്ങവനത്തു കൊണ്ടുപോയി ഇന്നവരെ ഗവൎമ്മെണ്ടു മിക്സ് ചെയ്യിച്ചു പുറത്തുവിട്ടിട്ടുണ്ടെന്നും ടൺ ഒന്നിന എന്തു റേററിൽ ആണ് മിക്സ് ചെയ്യിച്ചതെന്നും, ആ ഇനത്തിൽ എത്ര രൂപ ഗവൎമ്മെണ്ടിന ചിലവു വന്നിട്ടുണ്ടെന്നും പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള)

൧൩—൧—൧൯൫൧-വരെ ചിങ്ങവനത്തുനിന്നും ൧൧,൩൧,൦൧൭. വളം മിക്സ് ചെയ്യിപ്പിച്ചിട്ടുണ്ട്. ടൺ ഒന്നിന ൧൪ രൂപാ ൧൪ അണ നിരക്കിൽ ആണ് മിക്സ് ചെയ്യിപ്പിച്ചതു്. ൧,൬൮,൨൪൭—൬—൬ രൂപാ ഇതിലേക്ക് ആകെ ചിലവുവന്നിട്ടുണ്ട്.

കരിഞ്ചന്ത.

*൪൭. (൭൦) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രിവൻറീവ് ഡിററൻഷൻ ആക്ടനുസരിച്ചു ഈ സംസ്ഥാനത്തു എത്ര കരിഞ്ചന്തക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) അതിൽ എത്രപേരെ ജാമ്യത്തിൽവിട്ടു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൩.

(ബി) പ്രിവൻറീവ് ഡിററൻഷൻ ആക്ട് പ്രകാരം തടങ്കലിൽ വച്ചിട്ടുള്ളവരെ ജാമ്യത്തിൽ വിടുവാൻ പാടുള്ളതല്ല.

നെല്ലുവില

*൪൮. (൭൧) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി നൽകുമോ.—

നെല്ലുവില ക്രമാതീതമായി വൎദ്ധിക്കാതിരിക്കുന്നതിന ഗവൎമ്മെണ്ടിൽ നിന്നും വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

നെല്ലുവില ഗവൎമ്മെണ്ടിൻെറ നിയന്ത്രണത്തിലായതുകൊണ്ട് ക്രമാതീതമായി വൎദ്ധിക്കുവാൻ വഴിയില്ല.

തടവുകാർ.

*൪൯. (൭൨) സാഹിബ് ബെഹദൂർ ടി. എ. മൈതീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) സെൻട്രൽ ജയിലിലെ തടവുകാൎക്ക് അനുവദിച്ചിട്ടുള്ള എല്ലാ അവകാശങ്ങളും ഇപ്പോഴും അവർ അനുഭവിക്കുന്നുണ്ടോ;

(ബി) വല്ല പുതിയ നിയമങ്ങളും ജയിലിൽ അടുത്തകാലത്തു നടപ്പിൽ വരുത്തിയിട്ടുണ്ടോ?